# KERALA POLICE INFORMATION CENTRE

No.17/PR/PIC/PHQ/10 Date : 25/02/10

## അനധികൃത വാഹന പാർക്കിംഗ് അപകടകരം

പൊതുനിരത്തുകളിൽ ഏതെല്ലാം സ്ഥലങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ പാടില്ല എന്നത് സംബന്ധിച്ച് വാഹന ഡ്രൈവർമാർക്ക് വ്യക്തമായ ധാരണ ഇല്ലാത്തതു കാരണം അവർ തിരക്കേറിയ റോഡുകൾ, കവലകൾ, ഫുട്പാത്തുകൾ, സർക്കാർ ആഫീസുകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ മുന്നിലും പൊതു നിരത്തിലും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതായി കാണുന്നു. ഇത്തരം അനധികൃത പാർക്കിംഗിന്റെ ഫലമായി കാൽ നടയാത്രക്കാർക്കും, വാഹനങ്ങൾക്കും സുഗമമായി സഞ്ചരിക്കാൻ കഴിയാതെ ഗതാഗത തടസ്സവും വാഹനാപകടങ്ങളും ഉണ്ടാകുന്നു. വാഹന പാർക്കിംഗ് സംബന്ധിച്ച് 1989 ലെ റൂൾസ് ഓഫ് ദി റോഡ് റെഗുലേഷൻ സെക്ഷൻ 15 പ്രകാരം ഒരു വാഹനത്തിന്റെ ഡ്രൈവർ അപകടകരമാം വിധത്തിലോ മറ്റുള്ള വാഹനത്തിന് തടസ്സം സൃഷ്ടിക്കുന്ന തരത്തിലോ വാഹനം പാർക്ക് ചെയ്യാൻ പാടില്ല.

### പാർക്കിംഗ് പാടില്ലാത്ത സ്ഥലങ്ങൾ

1. റോഡ് ക്രോസിംഗുകളിലോ സമീപത്തോ
2. വളവുകളിൽ
3. പാലങ്ങളിൽ
4. ഫുട്പാത്തുകളിൽ
5. ട്രാഫിക് ലൈറ്റിന് സമീപം.
6. പെഡസ്ട്രിയൻ ക്രോസിങ്ങുകൾക്ക് സമീപം.
7. വാഹന ബാഹുല്യം ഉള്ള മെയിൻ റോഡുകളിൽ.
8. പാർക്ക് ചെയ്തിട്ടുള്ള വാഹനത്തിന്റെ എതിർ വശത്ത്.
9. പാർക്കുചെയ്തിട്ടുള്ള വാഹനത്തിന്റെ സൈഡിൽ.
10. മറ്റൊരു വാഹനത്തിന് തടസ്സം ഉണ്ടാകുന്ന തരത്തിൽ.
11. തുടർച്ചയായി കാണപ്പെടുന്നതും മുറിഞ്ഞ് കാണപ്പെടുന്നതുമായ വെള്ള വരകളുള്ള റോഡ് ഭാഗങ്ങളിൽ.
12. ബസ് സ്റ്റോപ്പുകളിൽ.
13. സ്കൂൾ കവാടത്തിന് മുൻപിൽ
14. ആശുപത്രി കവാടത്തിന് മുൻപിൽ.
15. ട്രാഫിക് അടയാളങ്ങൾ മറയ്ക്കുന്ന വിധത്തിൽ.
16. കോമ്പൗണ്ട് മതിലുകളുടെ പ്രവേശന കവാടത്തിന് മുൻപിൽ
17. അഗ്നിശമന പൈപ്പ് കണക്ഷന് മുന്നിൽ.
18. റോഡിൽ പാർക്കിംഗ് അനുവദനീയമല്ലാത്ത ഭാഗങ്ങളിൽ.
19. പാർക്കിംഗ് നിരോധിച്ച മറ്റ് സ്ഥലങ്ങളിൽ.
20. ഫുട്പാത്തിന്റെ അരികിൽ നിന്നും അകലെയായി.

നിലവിലുള്ള നിയമം ഇപ്രകാരമിരിക്കെ നോ പാർക്കിംഗ് ഇല്ലാത്ത എല്ലാ സ്ഥലത്തും പാർക്ക് ചെയ്യാം എന്ന ധാരണ ശരിയല്ല. നോ പാർക്കിംഗ് ബോർഡ് ഇല്ലെങ്കിൽകൂടി നിയമത്തിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ പാർക്ക് ചെയ്യാൻപാടില്ല. ഒരാൾ തന്റെ വാഹനം പാർക്ക് ചെയ്യുമ്പോൾ മറ്റുള്ള കാൽനടയാത്രക്കാർക്കും, വാഹനം ഉപയോഗിക്കുന്നവർക്കും അസൗകര്യം ഉണ്ടാകാത്ത രീതിയിൽ പാർക്ക് ചെയ്യാൻ ശ്രദ്ധിക്കണം. ഇരുചക്രവാഹനങ്ങൾ പാർക്ക് ചെയ്യുമ്പോൾ റോഡിന്റെ അരികുചേർത്ത് സമാന്തരമായി പാർക്ക് ചെയ്താൽ ഗതാഗത തടസ്സം, കാൽനടയാത്രക്കാരുടെ ബുദ്ധിമുട്ട് എന്നിവ ഒഴിവാക്കാം. റോഡിന് മതിയായ വീതിയുള്ള സ്ഥലങ്ങളിൽ ഡയഗണൽ പാർക്കിംഗ് നടത്തുന്നതിന് വിരോധമില്ല. റോഡിനുകുറുകെ പാർക്ക് ചെയ്യുന്നത് കഴിവതും ഒഴിവാക്കേണ്ടതാണ്.

പല വിദേശരാജ്യങ്ങളിലും പോകേണ്ട സ്ഥലവും പാർക്കിംഗ് സൗകര്യവും വളരെ ദൂരെ ആണെങ്കിൽ കൂടി വാഹനം ഉപയോഗിക്കുന്നവർ പാർക്കിംഗ് ഏരിയായിൽ പാർക്ക് ചെയ്തതിനുശേഷം കാൽനടയായോ മറ്റു സർവ്വീസ് ഗതാഗതം ഉപയോഗിച്ചോ ആണ് പോകേണ്ട സ്ഥലത്ത് എത്തിച്ചേരുന്നത്. ഇങ്ങനെ ഒരു നല്ല റോഡ് സംസ്ക്കാരം ഉണ്ടാകേണ്ടത് നമ്മുടെ ഇന്നത്തെ ആവശ്യമാണ്. ഒരു വാഹനം ഉപയോഗിക്കുമ്പോൾ മറ്റൊരു വാഹന ഉപഭോക്താവിന്റെ സൗകര്യംകൂടി പരിഗണിക്കേണ്ടതാണ്. ഒരാളിന്റെ റോഡുപയോഗം മറ്റൊരാളിന്റെ റോഡുപയോഗത്തിന് തടസ്സമാകരുത്.

The contents of this document may be deemed to be based on received information which is subject to further verification